## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 684

06.02.2013ൽ മറുപടിക്ക്.

### ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലിന്റേയും ഇൻവെസ്റ്റ്മെന്റ് ബോർഡിന്റേയും പരിഗണനയ്ക്കു വന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കൃഷ്ണൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ഗവൺമെന്റ് എമർജിങ് കേരളയെ തുടർന്ന് രൂപം നൽകിയ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലിന്റേയും ഇൻവെസ്റ്റ്മെന്റ് ബോർഡിന്റേയും പരിഗണനയ്ക്കു വന്ന പദ്ധതികൾ ഏതൊക്കെ;<br><br>(ബി) ഇതിനകം അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാം; | എ)& ബി)<br>എമർജിംഗ് കേരളയിലൂടെ കേരളത്തിൽ നിക്ഷേപത്തിനു താൽപര്യം പ്രകടിപ്പിച്ചുകൊണ്ട് മാനുഫാക്ചറിങ്, വിദ്യാഭ്യാസം, കൃഷി, ഊർജ്ജം, മാലിന്യസംസ്കരണം ഐ.ടി& ITes, ടൂറിസം, ഭക്ഷ്യസംസ്കരണം, ആരോഗ്യം, ഊർജ്ജം, ഹരിതോർജ്ജം & എൻവയോൺമെന്റ് ടെക്നോളജീസ്, സയൻസ് & ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ, പോർട്ട് & ഷിപ്പ് ബിൽഡിംഗ് , ലോജിസ്റ്റിക്സ് ആന്റ് ഡിഫെൻസ്, MSME, ഫിനാൻഷ്യൽ സർവീസസ് തുടങ്ങി മേഖലകളിൽ നിരവധി കമ്പനികൾ മുന്നോട്ട് വരുകയുണ്ടായി. ഈ കമ്പനികൾ സമർപ്പിച്ച പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് സൂക്ഷ്മ പരിശോധനയ്ക്കായി സർക്കാർ കൈമാറിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ പഠന വിധേയമാക്കിയതിനുശേഷം കേരളത്തിന്റെ സാഹചര്യത്തിനു അനുയോജ്യമായവയ്ക്കു മാത്രം സർക്കാർ അനുമതി നൽകുന്നതാണ്.<br>എമർജിങ്ങ് കേരളയിൽ വന്ന ഏറ്റവും ശ്രദ്ധേയമായ ഒരു പദ്ധതിയാണ് ബി.പി.സി എല്ലിന്റെ കൊച്ചിൻ റിഫൈനറി എക്സ്പാൻഷൻ പ്രോജക്ട് ഈ പദ്ധതിയുടെ ശിലാസ്ഥാപന കർമ്മം ജനുവരി 7 ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഇതിനോടൊപ്പം തന്നെ ദക്ഷിണ കൊറിയയിലെ എൽ.ജി.കമ്പനിയുമായി ചേർന്ന് ബി.പി.സി എൽ ഒരു പ്രെട്രോകെമിക്കൽ ജോയിന്റ് വെൻചർ പദ്ധതിക്കും ധാരണയായിട്ടുണ്ട്. കൊച്ചിയിലെ അമ്പലമുകളിലായിരിക്കും ഈ പദ്ധതി വരുന്നത്. ഈ പദ്ധതികളിൽ നിന്നു മാത്രം 20,000/ കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. |

| | |
|---|---|
| സി) കൗൺസിലും ബോർഡും രൂപീകരിക്കപ്പെട്ടതിനുശേഷം നയപരമായ ഏതെല്ലാം സംഗതികളിൽ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (സി)& (ഡി) പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് അനുസൃതമായി അവയ്ക്ക് നിർദ്ദേശങ്ങളും അനുമതികളും നൽകേണ്ടിവരുന്ന മുറയ്ക്ക് കൗൺസിലും ബോർഡും ചേരുന്നതാണ്. |
| (ഡി) കൗൺസിലും ബോർഡും ഇതിനകം എത്ര തവണ ചേരുകയുണ്ടായി? | |

സെക്ഷൻ ഓഫീസർ